# കേരളോപകാരി മാസിക

1877 മെയ്

# കേരളോപകാരി

**മാസിക**

## 1877 മെയ്

**താളിളക്കം**

**2020**

| | |
|---|---|
| പേര്: | **കേരളോപകാരി 1877 മെയ്** |
| ഭാഷ | Malayalam |
| വിഭാഗം: | മാസിക |
| പ്രസാധകർ: | **താളിളക്കം** |
| | ഡിസംബർ 2020 |
| Layout Design: | പ്രവീൺ വർമ്മ |
| Copyleft: | |

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

Vol. IV MAY 1877 No. 5

## EARTHLY CARE

### ഒർ ഉചിത കഥ

കുറയൊ ഏറയൊ ഉണ്ടായാലും വേലക്കാരന്റെ ഉറക്കം മധുരം, ധന വാന്റെ തൃപ്തിയൊ അവനെ ഉറങ്ങുവാൻ വിടുന്നില്ല, (പ്രസംഗി 5, 11.) എന്നു ജ്ഞാനിയായ ശലോമോൻ രാജാവു പണ്ടു പറഞ്ഞ വാക്കിനു താ ഴെ വരുന്ന കഥ നല്ലൊരു ഉദാഹരണം, എന്നു തോന്നുകയാൽ വായന ക്കാരുടെ സന്തോഷത്തിന്നായി അതു ഭാഷാന്തരപ്പെടുത്തി എഴുതുന്നു.

പണ്ടു വലിയൊരു ധനവാൻ ഉണ്ടായിരുന്നു. അവന്നു പൊൻ, വെള്ളി, നിലമ്പറമ്പുകൾ, കന്നുകാലികൾ എന്നിവ അനവധി ഉണ്ടായിരുന്നു, എന്നാൽ അവന്റെ സമ്പത്തു എത്ര പെരുകിയിരുന്നിട്ടും, അവന്നു സുഖം ഒട്ടും ഉണ്ടായില്ല. രാവും പകലും മനസ്സിൽ ചിന്തയും കലക്കവും അത്രെ ഉണ്ടായിരുന്നുള്ളൂ. ചിലപ്പോൾ അവൻ ആകാശത്തുനിന്നു മഴ ഉണ്ടാകയി ല്ല, തോട്ടകൾ ഒക്ക വറണ്ടു പോകും, എന്നും അതിനാൽ തന്റെ വിളവുകൾ ഒക്ക ഉണങ്ങി കരിഞ്ഞു പോകും എന്നു വിചാരിച്ചു ഭയപ്പെടും. മറ്റു ചില പ്പോൾ കള്ളന്മാർ വന്നു തന്റെ മുതലൊക്കെ കുത്തിക്കവൎന്നുകൊണ്ടു പോ കയൊ, അല്ലെങ്കിൽ സൎവ്വവും തീകൊണ്ടു നശിച്ചുപോകയൊ ചെയ്യും. എന്നു വിചാരിച്ചിട്ടു കലക്കം കൊള്ളും. ചുരുക്കി പറഞ്ഞാൽ ഒന്നല്ലെങ്കിൽ മറ്റൊന്നു ചൊല്ലി, അവന്റെ മനസ്സിൽ വിനനാഴിക പോലും സമാ ധാനവും സന്തോഷത്തിന്റെ ലവലേശവും ഇല്ലാതെ ഇരുന്നു.

ഈ ധനവാന്നു പശുക്കളെ നോക്കുന്ന ഒരു ചെക്കൻ ഉണ്ടു. അവ ന്റെ മുഖം എപ്പോഴും പ്രസന്നമായതു, ദിവസം മുഴുവൻ ആനന്ദിച്ചു പാടികൊണ്ടിരിക്കുന്നതു അവന്റെ ശീലം. രാവിലെ പശുക്കളെ മേയ്പാൻ പുറത്തു കൊണ്ടു പോകുമ്പോൾ സന്തോഷം നിറഞ്ഞവൻ, വൈകുന്നേരം തിരിച്ചു വരുമ്പോൾ അങ്ങിനെ തന്നെ. എപ്പോഴും തമാശയും പൊല്ല മയും ചിരിയും ഉള്ളവനായിരിക്കും. ലോകത്തിൽ എന്തെല്ലാം നടക്കുന്നു എന്നു അവന്നു ഒരു ഗണ്യമില്ല. ലോകം എന്നൊന്നുണ്ടൊ ഇല്ലയോ, അ ല്ല അതുള്ളതുകൊണ്ടു തനിക്കു എന്തൊ ഏതൊ, എല്ലാം ഒരുപോലെയ ത്രെ. തന്റെ അത്താഴം ഉണ്ടു കഴിഞ്ഞാൽ, തന്റെ പരുപരുത്ത വിരി പ്പിൽ കിടന്നു, പുലരുന്നതുവരെ ഒരു ഒറ്റ ഉറക്കമായി സുഖിച്ചു ഉറങ്ങും.

യജമാനന്റെ ഭാൎയ്യ ഈ ചെക്കൻ നിത്യം സന്തോഷമുള്ളവനായിരി ക്കുന്നതും, തന്റെ ഭൎത്താവു പകലിൽ ആധിയും വിഷാദവും പിടിച്ചവനെ പോലെ നടക്ക

ന്നതും, രാത്രിയിൽ അല്പം ഉറക്കം ആഗ്രഹിച്ചും തിരിഞ്ഞും മറിഞ്ഞും കിടന്നാലും മനസ്സിൽ നിറഞ്ഞ വിചാരങ്ങളാൽ ഉറക്കം വരാ തെ വലയുന്നതും കണ്ടിട്ടു, തന്നിൽ തന്നെ പറയുന്നു: എന്റെ ഭർത്താവിന്നു ഇത്ര എല്ലാം ഐശ്വര്യം ഉണ്ടായിട്ടും, അവന്റെ മനസ്സിൽ ഒരു സുഖവും ഇല്ല. രാത്രിയിലൊ പകലിലൊ അവന്നു ഒരു ആശ്വാസവും ഇല്ല, പശ്ശു ക്കളെ മേയ്ക്കുന്ന ഈ ചെക്കന്നുള്ള സന്തോഷത്തിന്റെ പാതിയും ഇവന്നി ല്ല. ചെക്കന്നു മാസാന്തരം അല്പം ചില പൈശമാത്രമെ കിട്ടുന്നുള്ളു, എ ന്നിട്ടും അവന്നു സന്തോഷമല്ലാതെ ഒന്നും ഇല്ല. ഇതിന്നു എന്തു കാരണം ആയിരിക്കും?

ഇങ്ങിനെ മനസ്സിൽ വിചാരിച്ചിട്ടു ഒരു നാൾ തന്റെ ഭർത്താവോടു: പ്രാണനാഥ, നിങ്ങൾ വലിയ ധനവാൻ അല്ലൊ, ഏറിയ ദ്രവ്യം നിങ്ങൾ്ക്ക കുന്നിച്ചു കിടക്കുന്നു, നിലം പറമ്പുകളും അനവധിയുണ്ടു, എന്നിട്ടും ചിന്ത യും വ്യാകുലവും നിങ്ങളിൽ നിറഞ്ഞിരിക്കുന്നു. എപ്പോഴും വലിയ അരി ഷ്ടന്റെ ചേൽ നടക്കുന്നു. നിങ്ങളുടെ സമ്പത്ത രാവും പകലും നിങ്ങൾ ക്ക അശേഷം സുഖം എത്തിക്കുന്നപ്രകാരം കാണുന്നില്ല. നമ്മുടെ പശ്ശു ക്കളെ നോക്കുന്ന ചെക്കന്നുള്ള സന്തോഷത്തിന്റെ ലേശം പോലും നി ങ്ങൾക്കില്ലല്ലൊ, അവന്നു ഒരു ആധിയും ഇല്ല വിചാരവും ഇല്ല, മുഖം എ പ്പോഴും തെളിഞ്ഞിരിക്കുന്നു. നിങ്ങൾ എപ്പോൾ അവനെ നോക്കിയാലും ചിരിക്കയും പാട്ടുകയും ചെയ്യുന്നവനായിക്കാണും എന്നു പറഞ്ഞു.

അതിന്നു ഭർത്താവു പറഞ്ഞു: അങ്ങിനെയൊ? നാളെ നേരം പുലരു ന്നതുവരെ ക്ഷമിക്ക, അപ്പോൾ അവന്റെ മാതിരി എങ്ങിനെ, എന്നു നീ നന്നായി നോക്കികൊള്ളേണം. നാളെ അവൻ ചിരിക്കയും പാട്ടുകയും ചെയ്യുന്നതു നീ കാണും, എന്നു തോന്നുന്നില്ല. അവന്റെ മുഖത്തു അത്ര സന്തോഷവും ഉണ്ടാകയില്ല.

അതിന്നു ഭാൎയ്യ കൊള്ളാം, രാവിലെ ചെക്കന്റെ ചേൽ എങ്ങിനെ ഇരി ക്കും, എന്നു നോക്കിക്കൊള്ളാം എന്നു സമ്മതിച്ചു. എങ്കിലും ഒരു രാത്രി കൊണ്ടു ഭ‍ൎത്താവു പറഞ്ഞപ്രകാരമുള്ള മാറ്റം ചെക്കനിൽ ഉണ്ടാകും, എന്നു അവൾ വിശ്വസിച്ചില്ല.

അവരുടെ ഭവനത്തിന്റെ പിൻപുറത്തു പല ചെറുപുരകൾ ഉള്ള തിൽ ഒന്നിൽ വളരെ ഉമി കൂടികിടപ്പുണ്ടായിരുന്നു. ഭർത്താവു ഏകദേശം 150 ഉറുപ്പിക വിലെക്കുള്ള ഒരു വെള്ളിവാളം എടുത്തു, ആ ഉമിയിൽ കുഴി ച്ചിട്ട ശേഷം, ചെക്കനെ വിളിച്ചു ആ ഉമി ഒക്ക കോരി മറ്റൊരു പുരയിൽ ആക്കേണ്ടതിന്നു കല്പിച്ചു. ചെക്കൻ പതിവു പ്രകാരം പാട്ടും പാടികൊ ണ്ടു ഒരു കൊട്ട എടുത്തു പണിയും തുടങ്ങി. ക്രമേണ അടിയിൽ എത്താ റായപ്പോൾ, വെളുവെളുങ്ങനെ മിന്നുന്ന വെള്ളിക്കട്ടി കണ്ടു, അത്യന്തം സ ന്തോഷിച്ചു. (അങ്ങിനെത്ത സന്ധിയിങ്കൽ സന്തോഷം വരാത്തതു ആൎക്ക?) ഇതു എങ്ങിനെ ഇവിടെ വന്നു? ആർ ഇതു ഇവിടെ വെച്ചു? എന്നു വിചാരി

ച്ചു ആശ്ചയ്യപ്പെട്ടു. പക്ഷെ യജമാനൻ ഇതു ഇവിടെ സൂക്ഷിച്ചു വെച്ചിട്ടു, ഇപ്പോൾ കേവലം മറന്നു പോയതായിരിക്കും, അല്ലെങ്കിൽ ഒരു അരൂപി എനിക്കു വേണ്ടി ഇതു ഇവിടെ വെച്ചിരിക്കും, എന്നു അവൻ വി ചാരിച്ചു. പിന്നെ ഇതുകൊണ്ടു എന്തു വേണ്ടു, എന്നു ചിന്തിപ്പാൻ തുട ങ്ങി. എന്റെ യജമാനന്നു കൊണ്ടു പോയി കൊടു ക്കയൊ? അയ്യൊ! അതു ചെയ്വാൻ മനസ്സു വരുന്നില്ല. എന്നാൽ എടുത്തു ഒളിച്ചു വെക്കട്ടെ, എങ്കി ലും യജമാനൻ അതു അറിഞ്ഞാലൊ കാൎയ്യം എന്തായിതീരും? എങ്ങിനെ ആയാലും തല്ക്കാലത്തേക്കു ഒളിച്ചു വെക്ക തന്നെ. പിന്നെ തരം കിട്ടിയ ഉടനെ യജമാനന്റെ പണി ഉപേക്ഷിച്ചു, വെള്ളിയും എടുത്തു പൊയ്ക്ക ളയാം, എന്നു മനസ്സിൽ തീൎച്ചവരുത്തി. എന്നാൽ ഇതു എവിടെ സൂക്ഷി ച്ചു വെക്കേണ്ടു? എന്നു ള്ള വിചാരം തുടങ്ങി. ഈ വക ചിന്ത നിമിത്തം പാട്ടുങ്ങു നിന്നു. ഇതുകൊണ്ടു എന്തു പ്രയോഗം ചെയ്യാം? എന്നതിനെ കു റിച്ചും വലിയ കലക്കം ആയി. ഒരു നിലം മേടിക്കുകയൊ, അല്ല ഒരു വീടു വാങ്ങുകയൊ ഏതു നന്നു? പക്ഷെ തനിക്കു ഒരു ഭാൎയ്യ വേണ്ടുമ്പോൾ ഉത കുവാൻ തക്കവണ്ണം ഇതു ബേങ്കിൽ ഇട്ടാൽ നന്നാ യിരിക്കും, എന്നും വിചാ രിച്ചു. ഈ വക വിചാരങ്ങളും ചിന്തകളും മുഴുത്തു ഉറ ങ്ങുവാൻ ചെന്നുകി ടന്നു, എങ്കിലും കിട്ടിയ നിധിയെ കുറിച്ചുള്ള വിചാരംകൊണ്ടും അതു എ ങ്ങിനെ ഉപയോഗിക്കേണ്ടു? എന്നുള്ള ആകുലം നിമിത്തവും ഉറക്കം അ ശേഷം വന്നില്ല. നേരം പുലൎന്നെങ്കിൽ കൊള്ളായിരുന്നു, എന്നു ആശി ച്ചുംകൊ ണ്ടു തന്റെ പായിൽ തിരിഞ്ഞും മറിഞ്ഞും രാത്രി ഒരു പ്രകാരേ ണ കഴിച്ചു കൂട്ടി എന്നെ വേണ്ടു.

ഒടുവിൽ നേരം പുലൎന്നു, അവൻ എഴുനീറ്റു പതിവു പോലെ പണി ക്കു പുറപ്പെട്ടു. എങ്കിലും ചിരിപ്പാനോ പാടുവാനൊ കഴിയാതവണ്ണം അ വന്റെ ഹൃദയം ചിന്തക ളാൽ ഭാരപ്പെട്ടിരുന്നു. സാക്ഷാൽ ബഹു നിൎഭാഗ്യം അനുഭവിച്ചു.

അന്നേരം യജമാനി പുറത്തു വന്നു, എല്ലാ രാവിലെയും ഉള്ളപോ ലെ ചെക്കൻ പാടുന്നില്ല എന്നും, അവന്റെ മനസ്സിൽ, ഏതാണ്ടൊരു കലക്കം ഉള്ളപോലെ കാ ണുന്നു എന്നും കണ്ടു വിസ്മയിച്ചു, ഇതിന്റെ കാരണം എന്തായിരിക്കും, എന്നു വി ചാരിച്ചു അവന്റെ അടുക്കെ ചെന്നു:

എടാ: നിനക്കു ഇന്നു എന്തായി? ഏതൊ ഒരു വ്യസനം പിടിച്ചതു പോലെ ഇരി ക്കുന്നവല്ലൊ അതെന്തു? എന്നു ചോദിച്ചു.

ചെക്കൻ: എനിക്കു ഒന്നും ഇല്ല. യജമാനി: നിനക്കു വല്ല ദീനം ഉണ്ടോ? ചെക്കൻ: ഇല്ലമ്മെ.

യജമാനി: പിന്നെ എന്താടാ നീ വല്ലാണ്ടിരിക്കുന്നതു, എപ്പോഴും ആ ടിപാടികൊ ണ്ടിരിക്കുന്ന നീ ഇന്നു ഒരു കലമ്പൊളിയന്റെ മാതിരി ഇരി ക്കുന്നത എന്തു? വല്ല വികൃതിയും ചെയ്തൊ? ചെക്കൻ: അമ്മെ ഞാൻ ഒന്നും ചെയ്തില്ലെ.

അല്പ സമയത്തിൽ പിന്നെ യജമാനൻ ഭാൎയ്യയെ വിളിച്ചു, നീ ഇന്നു ചെക്കനെ കണ്ടുവോ? എന്നു ചോദിച്ചു.
ഭാൎയ്യ: അതെ കണ്ടു, ഭൎത്താ: എങ്ങിനെ ഇരിക്കുന്നു?
ഭാൎയ്യ: എനിക്കൊന്നും തിരിയുന്നില്ല. അവന്റെ മനസ്സിൽ ഏതൊ ഒരു ഭാരം ഉള്ള പ്രകാരം തോന്നുന്നു. ഭൎത്താ: അവൻ പാടുന്നുവൊ?
ഭാൎയ്യ: ഇല്ല. അശേഷം ഇല്ല. ഭൎത്താ: ചിരിയുണ്ടൊ?
ഭാൎയ്യ: ചിരിയും ഇല്ല. എത്രയും വല്ലാതിരിക്കുന്നു. ഞാൻ അവനോ ടു കാരണം ചോദിച്ചു, ഒന്നും ഇല്ലെന്നു അവൻ പറയുന്നു. ഞാൻ ഇതു അശേഷം ഗ്രഹിക്കുന്നി ല്ലപ്പാ.
ഭൎത്താ: നിനക്കു മനസ്സിലാകയില്ല. എന്നാൽ എനിക്കു മനസ്സിലായി രിക്കുന്നു. അവന്റെ ചിരിയും പാട്ടും ക്ഷണംകൊണ്ടു നിൎത്തിതരാം, എ ന്നു ഞാൻ ഇന്ന ലെ നിന്നോടു പറഞ്ഞത ഓൎമ്മയില്ലെ? ഇപ്പോൾ അങ്ങി നെ തന്നെ അവനെ കൊണ്ടു പാട്ടു പാടിക്കുവാനും, എനിക്കു കഴിവുണ്ടൊ ഇല്ലയൊ എന്നു നീ കണ്ടു കൊൾക.
ഭാൎയ്യ: ഇതു കേട്ടു സാരം ഗ്രഹിക്കാതെ വിസ്മയിച്ചുനിന്നു.
അപ്പോൾ യജമാനൻ ചെക്കനെ വിളിച്ചു, എടാ ഞാൻ ഇന്നലെ ആ ഉമി അവിടെ നിന്നു നീക്കുവാൻ നിന്നോടു പറഞ്ഞുവല്ലോ, നീ അതു ചെയ്തുവൊ? എന്നു ചോദി ച്ചു. ചെക്കൻ: ഉവ്വ, യജമാനനെ.
യജമാനൻ : ആ ഉമിക്കകത്തു ഒരു വെള്ളിവാളം ഉണ്ടായിരുന്നുവല്ലോ, നീ കണ്ടി ല്ലെ ? ചെന്നു എടുത്തു കൊണ്ടു വരിക, ഞാൻ നിനക്കു ഒരു കുട്ടം ഉടുപ്പു മേടിക്കേ ണ്ടതിന്നു 2000 കാശ തരും.
ചെക്കൻ ഇതു കേട്ടപ്പോൾ മുഖഭാവം മാറി ഒരക്ഷരം പറവാൻ ക ഴിയാതെ നി ന്നു വിചാരിച്ചതാവിതു: ഒഹൊ! എന്നാൽ യജമാനൻ ഇത അറിഞ്ഞിരിക്കുന്നു, പക്ഷെ എന്റെ പരമാൎത്ഥം പരീക്ഷിപ്പാൻ അവൻ അത ഉമിക്കകത്ത വെച്ചിരി ക്കും; ഇപ്പോൾ അവന്നു തിരിച്ചു കൊടുക്കയ ല്ലാതെ നിവ്വാഹമില്ല.
എന്നിട്ടു തന്റെ ഇഷ്ടത്തിന്നു വിരോധമായി തന്റെ ഉറക്കിടത്തിൽ ചെന്നു, പായി ത്തിരയിൽനിന്നു വെള്ളി എടുത്തു കൊണ്ടു വന്നു യജമാന ന്നു കൊടുത്തു. അവ നും പറഞ്ഞപ്രകാരം 2000 കാശ് ചെക്കന്നു കൊടു ത്തു. അവൻ അതുവാങ്ങി മു മ്പെ താൻ വെള്ളി വെച്ചിരുന്ന സ്ഥല ത്തകൊണ്ടു പോയി വെച്ചു, ഒരു പുതിയ വസ്ത്രം മേടിപ്പാൻ തനിക്കു കഴി വുണ്ടല്ലോ, എന്നു ഓൎത്തു അത്യന്തം സന്തോഷി ച്ചു. തന്റെ ഇതുവരെ യുള്ള ആയുസ്സിൽ ഈ ഒരിക്കൽ മാത്രം ഇത്ര വ്യാകുലവും ചിന്തയും വരു ത്തിയ വെള്ളിക്കണ്ടം കയ്യിൽനിന്നു നീങ്ങിയ ശേഷം, മുമ്പെ പോ ലെ അ വന്റെ പാട്ടും തമാശയും ഇളകി തുടങ്ങി.

യജമാനസ്ത്രീ അവന്റെ പാട്ടും ചിരിയും വീണ്ടും വന്നത കണ്ടാറെ, അതിശയിച്ചു കൊണ്ടു ഭൎത്താവോടു: ”ഒരു വെള്ളിവാളം ഈ ചെക്കന്നു ഇത്ര വലിയ പരവശത വരുത്തിയതു ഓൎത്താൽ, ബഹു കൌതുകം തന്നെ” എന്നു പറഞ്ഞതിന്നു ഭൎത്താവു അവളോടു ”ഒരു ഒറ്റ വെളിവാളം ഇവ ന്നു ഇത്ര വ്യാകുലം വരുത്തിയെന്നു നീ കണ്ടുവല്ലൊ. എന്നാൽ ഈ വക ഏറിയ വാളങ്ങളുള്ള ഞാൻ ചിന്താഭാരം ഇല്ലാത്തവനായിരിക്കുന്നതു എ ങ്ങിനെ?” എന്നുത്തരം പറഞ്ഞു.

ധനം പെരുകുമ്പോൾ ചിന്തയും പെരുകുന്നു, എന്ന പഴമൊഴി സ ത്യമാകുന്നു എന്നു ഈ കഥ കാണിക്കുന്നില്ലയൊ?

## OPENING OF PARLIAMENT

### മന്ത്രിസഭ തുടങ്ങിയതു

ഇംഗ്ലാന്തിൽ രാജ്യകാൎയ്യാദികളെ വിചാരിച്ചു നടത്തിക്കുന്ന മന്ത്രിസഭ ഓരോ സംവത്സരത്തിന്റെ ആരംഭത്തിലൊ, വല്ല വിടുതൽ കഴിഞ്ഞ ശേഷമോ ഒന്നാം പ്രാവശ്യം കൂടി വരുമ്പോൾ രാജാവു വാഴുന്നെങ്കിൽ രാജാ വു, രാജ്ഞി വാഴുന്നെ ങ്കിൽ രാജ്ഞി, സഭയിൽ ചെന്നു, യാതൊരു പ്രവൃത്തി യൊ ആലോചനയോ തുട ങ്ങും മുമ്പെ കൂടിയിരിക്കുന്ന മന്ത്രികളോട്ടും കാ ണികളോട്ടും ഒന്നു പ്രസ്താവിച്ചരുളും. മന്ത്രിസഭയിലേക്കുള്ള ആ എഴുന്നെ ള്ളത്തു ബഹു കോലാഹലത്തോട്ടും ഘോഷ ത്തോട്ടും കൂടെ സംഭവിക്കയും, ആസ്ഥാനമണ്ഡപത്തിന്റെ പ്രത്യേകമുള്ളൊരു വാതി ലിൽ കൂടി ചെല്ലു കയും ചെയ്യുന്നു. നമ്മുടെ ചിത്രത്തിൽ വാതിലിനെയും എഴുന്നെ ള്ളത്തി നെയും കാണാം. ഈ കഴിഞ്ഞ ഫിബ്രുവരിമാസം 8ാം ൹ മഹാരാണി യും ചക്രവൎത്തിനിയുമായ വിക്തോരിയവൎകൾ ഈ വിധത്തിൽ മന്ത്രിസഭ യി ലേക്കുള്ള എഴുന്നെള്ളി ഓരോ രാജ്യകാൎയ്യാദികളെ കുറിച്ചു പ്രസ്താവിച്ചരു ളിയ ശേഷം, ബൊംബായി, മദ്രാസി എന്നീരണ്ടു സംസ്ഥാനങ്ങൾക്കു തട്ടിയ പഞ്ചം ഓൎത്താൽ വളരെ വ്യസനിക്കുന്നു. ആ ജനങ്ങളുടെ കഷ്ടങ്ങളെ ശമിപ്പിപ്പാനും, ക്ഷാമം രാജ്യത്തിൽ അധികം വ്യാപിക്കാതിരിക്കേ ണ്ടതിന്നു തക്കം നോക്കുവാ നും സൎക്കാർ വളരെ ഉത്സാഹിച്ചു വരുന്നു എന്നു കല്പിക്കയും ചെയ്തു.

## HISTORY OF THE BRITISH EMPIRE

### ഇംഗ്ലിഷ ചരിത്രം

ആറാം ഹെന്റ്രിയുടെ അന്ത്യകാലം അന്തഃഛിദ്രങ്ങളാൽ കൈച്ചുപോ യി. അവ ന്ന പ്രായം തികഞ്ഞപ്പോൾ ആധിപത്യത്തിന്ന വേണ്ടുന്ന പ്രാ പ്തിയും സ്ഥിരതയും ഇല്ലായ്കകൊണ്ടു, മന്ത്രിസഭക്കാർ പല കൂറുകളായി പിരിഞ്ഞു, അന്നന്ന ശ്രേഷ്ഠത യെ പ്രാപിച്ചവർ ശേഷമുള്ളവരെ താഴ്ത്തി രാജാവിനെയും നടത്തിച്ചുപോന്നു. രാ ജാവു സുശീലനും പുണ്യവാനും നീതിന്യായങ്ങളെ ഒരു ഭേദം വരുത്താതെ രക്ഷി പ്പാൻ താല്പൎയ്യമുള്ളവനും, എങ്കിലും കലഹക്കാരായ തന്റെ പ്രജകളെ അടക്കി വാ ഴുവാൻ ശക്തി പോരാ.

1445ാമതിൽ അവൻ അഞ്ജൂകാരിയായ മൎഗ്രെത്ത (Margret of Anjou) എന്ന അഹമമതിയും പ്രൌഢിയുമുള്ള കുമാരിയെ വേളികഴിച്ച ഉടനെ അവൾ രാജ്യ ത്തിലെ മുഖ്യാധികാരത്തെയും മന്ത്രിസഭയുടെ മേൽ തന്നെ കൎത്തൃത്വത്തെയും കൊതിച്ചു. അതുകൊണ്ടു ആ കല്യാണം നിമിത്തം ഇംഗ്ലിഷജനങ്ങൾക്കു വളരെ നീരസം വന്നു. അഞ്ജൂ എന്ന നാട്ടു പരന്ത്രീ സ്സിലുള്ള ഒരു ഇംഗ്ലിഷ അവകാശം ആയിരുന്നു. കല്യാണനാളിൽ തന്നെ രാജാവു ആ ദേശം കുമാരിയുടെ അച്ശന്ന അവകാശമാക്കി കൊടുത്തതു കൊണ്ടു, ജനങ്ങൾ വളരെ വെറുത്തു. അക്കാലത്ത രാജാവിന്റെ കാരണ വരും ജനങ്ങളാൽ പുണ്യവാനായ ഹംഫ്രെ എന്നു വിളിക്ക പ്പെട്ടവനുമായ ഗ്ലൊസസ്തർ തമ്പുരാനും, രാജാവിന്റെ മൂത്ത കാരണവരായ ബൊ ഫൊ ൎത്തിലെ സഭാതലവനും (Cardinal of Beaufort) എന്നീരണ്ടു മഹാന്മാർ ശ്രേ ഷ്ഠത്വം നിമിത്തം തമ്മിൽ കലഹിച്ചു. സഭാതലവൻ രാജാവിന്റെ കല്യാണത്തിന്ന അനുകൂലനാകകൊണ്ടു, രാജ്ഞി അവന്റെ പക്ഷം എടു ത്തു ഗ്ലൊസസ്തരിന്റെ നേ രെ ഓരോ അന്യായങ്ങളെ പ്രവൃത്തിച്ചു. അ വൾ ഇംഗ്ലന്തിൽ എത്തിയ ഉടനെ അത്തമ്പുരാൻ മരിച്ചതുകൊണ്ടു, പ ലൎക്കും സംശയം തോന്നി. സഭാതലവനും വേഗം മരിച്ചതിനാൽ രാജ്ഞി യുടെ ആശ്രിതനായ സുഫൊല്ക്ക, എന്ന തമ്പുരാൻ ശ്രീത്വം പ്രാപിച്ചു, എങ്കിലും പരന്ത്രീസ്സിൽ ഇംഗ്ലിഷാൎക്കു തട്ടിയ അപജയങ്ങൾ ഇവൻ മൂല മായി വന്നു, എന്നു ജനങ്ങൾ വിചാരിച്ചു അവനെ വെറുക്കുകയാൽ, അ വൻ കുറയ കാലം മാത്രം ആ ഉയൎന്ന സ്ഥാനത്തിൽ ഇരുന്നു. തന്റെ കാൎയ്യം അബദ്ധം എന്നു കണ്ടു ഇംഗ്ലന്തിനെ വിട്ടു കപ്പൽ കയറി ഓടി പ്പോകുവാൻ ശ്രമി ച്ചപ്പോൾ, ഒരു കപ്പിത്താൻ അവനെ പിടിച്ചു ളുക്കി ക്കൊന്നു.

1453ാമതിൽ രാജാവു കഠിന രോഗം പിടിച്ചു, ചില മാസത്തോളം ബോധം കെ ട്ടു കിടന്നു. ആ സങ്കടകാലത്തിൽ രാജ്ഞി അവന്നു ഒരു പു ത്രനെ പ്രസവിച്ചു, എങ്കിലും ദീനത്തിന്റെ ശക്തി നിമിത്തം അവന്ന കുട്ടിയെ കണ്ടറിവാൻ കഴിഞ്ഞി ല്ല. ഈ കുമാരന്റെ പേർ എദ്വൎദ, എ ങ്കിലും അവന്റെ പിറവിയാൽ ഛിദ്രങ്ങൾ

അടങ്ങാതെ വദ്ധിക്കമാത്രം ചെയ്തു . രാജ്ഞി സൊമസ്സെത്ത തമ്പുരാനെ (Duke of Somerset) ആദ രിച്ചു, എങ്കിലും അവനും ജനങ്ങൾക്കു അനിഷ്ടനത്രെ. ഇവനെ യോക്ക് തമ്പുരാനായ റിചാദ് (Richard Duke of York) വിരോധിച്ചു, താൻ രാജാവിനു നാട്ടുവാഴുന്നതിൽ സഹായം ചെയ്യാൻ വേണ്ടി ശ്രേഷ്ഠത്വം തേ ടുന്നുള്ളു, എന്നു പറഞ്ഞു, എങ്കിലും രാജാസനം ഏറിയാൽ മതിയാവൂ, എന്നത്രെ അവന്റെ അന്തൎഗ്ഗതം. അവന്റെ അമ്മ മൂന്നാം എദ്വദി ന്റെ മൂന്നാം പുത്രനായ ലെയോനൽ, എന്ന ക്ലെരൻസ തമ്പുരാന്റ കുഡുംബത്തിലുള്ളവൾ ആകകൊണ്ടും, അന്നേത്ത രാജാവിന്റെ പൂൎവ്വ പിതാവായ ലങ്കസ്തർ തമ്പുരാൻ ലൈയോനലിന്റെ അനുജനാക കൊ ണ്ടും, അവനു കിരീടത്തിനു അവകാശം പറവാൻ ന്യായം ഉണ്ടു, എങ്കി ലും മന്ത്രിസഭയും പ്രജകളും ഒരുമനപ്പെട്ടു ലങ്കസ്തർ സ്വരൂപത്തെ വാഴി ച്ചശേഷം, അവന്റെ ആ വിചാരം ശാഠ്യം എന്നെ വേണ്ടു. കുറയകാലം രാജ്ഞിയും യോക്കും മാത്രം ആ കാൎയ്യം ചൊല്ലി തങ്ങളിൽ പിണങ്ങിയാ റെ, ജാതിമുഴുവനും അതിൽ കുടുങ്ങിപ്പോയതിനാൽ കലശൽ അത്യന്തം വിഷമിച്ചു. രാജ്യത്തിൽ യോക്ക്യർ ലങ്കസ്ത്രിയർ എന്നീരണ്ടു പക്ഷമേയുള്ളു. ഈ രണ്ടു കൂട്ടുകാർ ഏകദേശം മുപ്പതു സംവത്സരത്തോളം തങ്ങളിൽ നട ത്തിയ പോരാട്ടത്തിനു പനിനീൎപ്പുഷ്പപടകൾ, എന്ന പേർ നടപ്പായി വന്നു. ലങ്കസ്ത്രിയർ ചുവന്നും യോക്ക്യർ വെളുത്തുമുള്ള പനിനീൎപുഷ്പത്തി ന്റെ ചിത്രം കൊടിക്കൂറകളുടെ മേൽ വരച്ചതു, ആ പേരിന്റെ ഹേതുവായിരുന്നു.

രാജാവിന്റെ ദീനം ഏകദേശം ഒന്നരസംവത്സരത്തോളം നിന്നതു കൊണ്ടു യോക്ക് മന്ത്രിസഭയുടെ നിയോഗപ്രകാരം രാജ്യത്തെ വാണു, എ ങ്കിലും സൌഖ്യം വന്നാറെ രാജ്ഞിയുടെ പക്ഷക്കാരനും ലങ്കസ്ത്രിയനുമായ സൊമസ്സത്ത ശ്രേഷ്ഠാധികാരത്തെ പ്രാപിച്ചു. അതിനാൽ ഉണ്ടായ പി ണക്കത്തെ മദ്ധ്യസ്ഥന്മാരെകൊണ്ടു തീൎക്കേണം, എന്നു മന്ത്രിസഭ കല്പിച്ചു, എങ്കിലും ന്യായം കേൾപാൻ ഇരുപക്ഷക്കാൎക്കു ചെവിയില്ലായ്ക്കകൊണ്ടു, അവർ യുദ്ധത്തിനു ഒരുങ്ങിനിന്നു. അവർ തങ്ങളിൽ വെട്ടിയ ഒന്നാം പട ലൊണ്ടന്റെ അരികെയുള്ള സന്ത അല്പൊൻ, എന്ന സ്ഥലത്തിൽ സംഭവി ച്ചു. (മെയി 22ാം ൹ 1455) രാജപക്ഷക്കാരായ ലങ്കസ്ത്രിയർ നഗരത്തെരു ക്കളിൽ കുടി യുദ്ധത്തിൽ ചെല്ലുകകൊണ്ടു, നഗരം തന്നെ പോക്കളമായി തീൎന്നു. കുറയക്കാലം കാൎയ്യത്തീൎപ്പു സംശയത്തിന്മേൽ ഇരുന്ന ശേഷം, വൎവ്വിക് എന്ന പ്രഭു തന്റെ അനുചാരികളുമായി മുല്പുക്കു, ലങ്കസ്തർ തമ്പു രാനെയും അവന്റെ ചില നായകന്മാരെയും വെട്ടിക്കൊന്നു. എന്നാറെ യോക്ക് തമ്പുരാൻ പടധൎമ്മം ചൊല്ലി, രാജാവിനു സുഖമാകുവോളം നാ ട്ടിനെ വാഴുവാൻ നിശ്ചയിച്ചു. പിന്നെ നാലു സംവത്സരം പടവെട്ടൽ ഇല്ലെങ്കിലും, ശ്രേഷ്ഠത്വം നിമിത്തം രാജ്ഞിക്കും യോക്ക് തമ്പുരാനും ത മ്മിൽ ഉണ്ടായ വാഗ്വാടകൾക്കു ഒരു അവസാനവുമില്ല.

സാധുവും സുശീ ലനമായ രാജാവു എന്തു തന്നെ ചെയ്താലും പിണക്കക്കാരെ മാത്രം സമാ ധാനപ്പെടുത്തുവാൻ കഴികയില്ല. 1459ാമതിൽ വൈരം മുഴുത്തു വന്നാറെ, സപ്തംബർ 23ാം ൹ ബ്ലോഹീത്ത് എന്ന സ്ഥലത്തിൽ ഇരുപക്ഷക്കാർ തമ്മിൽ എതിരിട്ടപ്പോൾ, ലങ്കസ്ത്രിയപട്ടാളങ്ങൾ പ്രബലപ്പെട്ടു, യോൿക്യ രെ ഛിന്നഭിന്ന മാക്കി. എന്നതിൽ പിന്നെ യോൿക്യപ്രധാനസേനാപതി മാർ രാജ്യത്തെ വിട്ടു ഒളിച്ചു പാൎത്തപ്പോൾ, രാജ്ഞി മന്ത്രിസഭയെ കൂട്ടി, ആ വക നായകന്മാരെ പിഴ ക്കിക്കളഞ്ഞു. എങ്കിലും ലങ്കസ്ത്രിയർ പ്രാപി ച്ച വീൎയ്യം ക്ഷണികമത്രെ. വൎവ്വിൿ പ്രഭുവും യോക്കിന്റെ പുത്രനായ എ ദ്വൎദ്ദും കുറയ നേരം ഒളിച്ചിരുന്ന ശേഷം, ഇം ഗ്ലന്തിലേക്കു മടങ്ങി ചെന്നു, ആശ്രിതന്മാരെ കൂട്ടി രാജപക്ഷക്കാരോടു പോർ തുട ങ്ങി അവരെ ജയിച്ചു, രാജാവിനെ പിടിച്ചു തടവിലാക്കി. ഇതിനെ രാജ്ഞി അറി ഞ്ഞപ്പോൾ മകനെ ചേൎത്തു, സ്കോത്തലന്തിലേക്കു ഓടിപ്പോയി. ഈ വൎത്തമാനം ഐ യൎല്ന്തിൽ ഒളിച്ചു പാൎക്കുന്ന യോൿ തമ്പുരാൻ കേട്ടു, ബദ്ധപ്പെട്ടു ലൊ ണ്ട നിലേക്കു മടങ്ങി ചെന്നു രക്ഷാപുരുഷസ്ഥാനം വീണ്ടുകൊണ്ടതല്ലാ തെ, കിരീടം തന്റെ അവകാശം എന്നു ധൈൎയ്യത്തോടെ പറഞ്ഞു. എ ങ്കിലും മന്ത്രിസഭ ആ വാക്കിൽ രസിക്കായ്കകൊണ്ടു: രാജാവു ജീവപൎയ്യന്തം വാഴേണം, അവൻ മരി ച്ചാൽ അവന്റെ പുത്രനല്ല, യോൿതമ്പുരാൻ താനോ, അവന്റെ ശേഷക്കാരിൽ വല്ലവനോ രാജമുടി എല്ക്കേണം, എ ന്നൊരു തീൎപ്പിനെ ഉണ്ടാക്കി. ഇതു നിമി ത്തം രാജ്ഞി അത്യന്തം വെറുത്തു യുദ്ധത്തിനു വട്ടം കൂട്ടി, പോർ തുടങ്ങിയതിൽ യോൿപക്ഷം തോല്ക്കയും തമ്പുരാൻ പട്ടുകയും ചെയ്തു. പിന്നെ ഇരുപക്ഷക്കാരും കുറയ കാലത്തോ ളം വെവ്വേറെ ജയിക്കയും അപജയപ്പെടുകയും ചെയ്ത ശേഷം, പുതിയ യോൿതമ്പുരാനായ എദ്വൎദ്ദ രാജപക്ഷക്കാരായ ലങ്കസ്ത്രിയരെ എതിരി ട്ടു കുറച്ചുകളഞ്ഞു. എങ്കിലും രാജ്ഞി ധീരന്മാരും മൂൎക്ക്വന്മാരുമായ യോദ്ധാ ക്ക ളെ കൂട്ടി, ലൊണ്ടൻ നഗരത്തിന്റെ നേരെ ചെന്നു, സന്ത അല്പാനിൽ രണ്ടാമതു ഒരു പട വെട്ടി വൎവ്വിക്കിന്റെ പട്ടാളങ്ങളെ ഛിന്നഭിന്നമാക്കി, ബദ്ധനായ രാജാവി നെയും വിടുവിച്ചു. ജയം കൊണ്ടശേഷം അവൾ ലൊണ്ടനിൽ പ്രവേശിക്കാതെ, പോൎക്കളത്തിൽ തന്നെ താമസിച്ചു, പട യാളികൾക്കു ചുറ്റുമുള്ള നാടുകളെ കൊള്ള യിടുവാൻ സമ്മതിച്ചു. അതിന്നിടയിൽ യോൿതമ്പുരാൻ ഛിദ്രിച്ചുപോയിരിക്കു ന്ന പടജ്ജനങ്ങളെ കൂട്ടി, വൎവ്വിക്കിനോടു ചേൎന്നു ലൊണ്ടനിൽ പ്രവേശിച്ചാറെ, ജനങ്ങൾ അ വനെ സന്തോഷത്തോടെ കൈക്കൊണ്ടു, രാജസ്ഥാനവും നാലാം ഏദ്വൎദ്ദ, എന്ന നാമവും കൊടുത്തു. ഇങ്ങിനെ ബലാല്ക്കാരവും ധൈൎയ്യവും ജയിച്ചു, ന്യായത്തെ മറിച്ചുകളഞ്ഞു . സാധുവും സുശീലനമായ രാജാവു നീങ്ങി, ധീരതയും പ്രൌഢിയുമുള്ളവൻ അവന്റെ സ്ഥാനത്തെ ഏല്ക്കയും ചെയ്തു.

എന്നാറെയും കലക്കം അമൎന്നില്ല. രാജ്ഞി പ്രതിക്കാരന്റെ തൊഴി ലുകളെ അറി

ഞ്ഞു വടക്കോട്ടു തിരിഞ്ഞു, എന്നു പുതിയ രാജാവു കേട്ട പ്പോൾ രണ്ടു സേനകളെ ചേൎത്തു, അവരുടെ വഴിയെ ചെന്നു. ഇരുപക്ഷ ക്കാരും പോരിന്നു അണഞ്ഞപ്പോൾ, ഒരു ലക്ഷത്തിൽ അധികം ഇംഗ്ലി ഷ്കാർ തങ്ങളിൽ തന്നെ കുത്തി നശിപ്പിപ്പാൻ ഒരുങ്ങിനിന്നു. യോൎക്കപ ക്ഷം അമ്പതിനായിരവും, ലങ്കസ്തർ പക്ഷം അറുപതിനായിരവും തന്നെ. മാൎച്ച 29ാം നു ഉച്ചതിരിഞ്ഞു നാലുമണി സമയത്തു പോരാട്ടം തുടങ്ങി, രാത്രി മുഴുവനും അതിഭയങ്കരത്തോടെ നടന്നു. ആരോടും കൃപയില്ല, എല്ലാവരെയും കുത്തിക്കൊല്ലും. സംബന്ധക്കാരും ബന്ധുക്കളും ഇരുപക്ഷത്തിൽനിന്നും ക്രോധമത്തരായി തമ്മിൽ എതിരിട്ടു പൊരുതും. പുലൎച്ചെ ക്കു യോൎക്ക്യർ ശത്രുക്കളുടെ എണ്ണംകൊണ്ടു ഇളകുമാറായപ്പോൾ, അവരുടെ ഒരു പുതിയ സൈന്യം പോൎക്കളത്തിൽ ലങ്കസ്ത്രിയരെ അപജയപ്പെടുത്തി. എന്നാറെ രാജ്ഞി നിൎഭാഗ്യവാനായ ഭൎത്താവിനെയും കൂട്ടി, സ്കോത്തുന്തി ലേക്കു ഓടി എദ്വദിന്നു രാജാസനത്തേയും രാജ്യത്തേയും ഒഴിച്ചുകൊടുത്തു. ഇംഗ്ലിഷ്കാർ തങ്ങളിൽ തന്നെ വെട്ടിയ എല്ലാ പടകളിലും ധീരതയും ക്രൂ രതയും സങ്കടവുമുള്ളതു ഇതു തന്നെ. (To be continued.)

## THE MALAYALAM COUNTRY

### മലയാളരാജ്യം

Origin ഉൽപ്പത്തി. മലയാളം പൂൎവ്വകാലത്തിൽ കടൽ കൊണ്ടു മല കളോളം മൂടി കിടന്നശേഷം ഭൂമിക്കുള്ളിലുള്ള തീയുടെ ഊററത്താൽ പൊ ങ്ങി വന്നു. അതിന്നു കേരളോല്പത്തിയിൽ മലയാളം എന്ന കേരളം പര ശുരാമൻ ഉണ്ടാക്കിയ പ്രകാരം കറ്റു കെട്ടി പറയുന്നു.
ൾപ്രദേശത്തോളം ഉള്ള മണലും ഓരോ കുന്നുകളുടെ മുകളിലും ചില പാറപ്പുറത്തും പറ്റിയ മുരുവും ചിന്തിച്ചു നോക്കിയാൽ കടൽ വാ ങ്ങി പോയതും, അയിപ്പാറക ളും ഇരിമ്പു കലന്ന ചെമ്മണ്ണും മററും വിചാ രിച്ചാൽ അഗ്നിയുടെ ആക്രമം ഉണ്ടാ യതും ബോധിപ്പാൻ ഇടയുണ്ടു . അതു കൂടാതെ വിശേഷിച്ചു കടപ്പുറത്തിന്നടുത്ത ഭൂമിയുടെ ൧൭—൦ കോൽ ആഴത്തോളം കുഴിച്ചപ്പോൾ കണ്ട അട്ടികൾ ആവിതു: അതികട്ടപ്പമുള്ള ചെങ്കൽ പാറ മേല്പാടോളം എത്താത്ത സ്ഥലങ്ങളിൽ തരിച്ചെ മ്മണ്ണൊ ചെമ്മണ്ണൊ, പിന്നെ കടുത്ത ചെങ്കല്പാറയും അതിൻ കീഴെ ചേടിക്കല്ലും വഴിയെ പല നിറമുള്ള ചേടിയും ചേടിയിൽ ഇടക്കിടെ വെണ്കൽ മുത ലായി കല്ലുകളുടെ കണ്ടങ്ങളും, അതിന്റെ താഴെ ചെമ്പിച്ചതും നീലിച്ച തുമായ കളിമണ്ണും, ശേഷം ഉറെച്ച ചേറും ആയതിന്റെ അടിയിൽ മര വും മരക്കണ്ടങ്ങളും ഇരുന്നാലും കരിഞ്ഞ (പയൻ) പയനി മരക്കായ്ക്കളും തീയിൽ ഇട്ടപ്പോൾ കുന്തുരുക്കവാസനയു ള്ള പശയും ഇടക്കിടെ ഉരുകി യ ഒരു വക ഇരിമ്പും, ഒടുവിൽ കടൽ പൂഴിയും എന്നീ അട്ടികളെ കിട്ടിയ തു. (മാടായ്പാറ, കണ്ണനൂർ മുതലായ സ്ഥലങ്ങളിൽ ഇങ്ങിനെ കണ്ടെത്തി യതു.) ഇതെല്ലാം വിചാരിച്ചാൽ മലയാള ഭൂമി പല ഭൂകമ്പങ്ങളാൽ 1-2 പ്രാവശ്യം താഴുകയും പൊന്തുകയും ചെയ്തിരിക്കുന്നു, എന്നു നിനെപ്പാൻ സംഗതി യുണ്ടു, ഇങ്ങിനെ തീയും വെള്ളവും കൂടി ഈ നാട്ടിന്റെ മുഖ ത്തിന്നു ഏറിയോരു മാററത്തെ വരുത്തിയ പ്രകാരം തെളിവായിരിക്കുന്നു. ഇതു ഭൂമിയുടെ ആദികാല ത്തു നടന്നായിരിക്കും.
ഇന്നേയോളവും മഴനീൎച്ചാലുകളും മറ്റും ഭൂമുഖത്തെയും കടൽ ത ന്റെ കരയെയും മാറ്റിക്കൊണ്ടിരിക്കുന്നു. [പഴക്കമുള്ള പടകളാലും ചരി ത്രത്താലും കിഴവന്മാരുടെ പഴമയാലും കടൽ ചിലേടത്തു അള്ളിയും വാൎന്നും കരയെ തിന്നിരിക്കുന്നു എന്ന റിയാം. 1342 ക്രി. ആ. കടലോര ത്തിൽ നടക്കാവും വഴിയമ്പലങ്ങളും തണ്ണീ ൎപ്പന്തൽ കിണറുകളും ഉണ്ടാ യിരുന്നു, അവ കാണാതെ പോയിരിക്കുന്നു. കായ ങ്കളത്തു അഴിക്കു വടക്കു തൃക്കുന്നു പുഴക്കൽ കടലിൽ ഓരോ കല്പണികൾ ഇന്നും കാണ്മാൻ ഉണ്ടു .)

1. പേർ വടക്കുള്ള ഗോകൎണ്ണം തുടങ്ങി തെക്കുള്ള കന്യാകുമാരിവരെ ക്കും നീണ്ടു കിടക്കുന്ന ഭൂമിക്കു പണ്ടേ കേരളം എന്ന പേർ നടന്നെങ്കിലും, ഇപ്പോൾ കാഞ്ഞി

രോട്ടു (ചന്ദ്രഗിരി) പുഴയുടെ തെക്കുള്ള അംശത്തിന്നു മാത്രം കേരളം എന്നു ദുല്ല ഭമായും,. മലയാളം എന്നു സാധാരണമായും പറഞ്ഞു വരുന്നു. തെൻകണ്ണാടക ജില്ല, കൊച്ചി ശീമ, എന്നിവറ്റിൻ ഇടയിൽ കിടക്കുന്ന മലയാള കുറുപാട്ടിന്നത്രെ മലയാളം, എന്ന പേരിനെ വിശേഷിച്ചു കൊള്ളിക്കാറുള്ളൂ.

ക്രിസ്താബ്ദത്തിന്നു മുമ്പിലുള്ള മൂന്നാം നൂറ്റാണ്ടിൽ അശോകമഹാ രാജാവു* കല്ലിൽ കൊത്തിച്ച എഴുത്തു പ്രകാരം കേരള പുത്രൃ, എന്ന കേ രള രാജാവിന്റെ പേർ കാണുന്നു. അക്കാലം മലയാളത്തിന്റെ ഒരു പങ്കു ചേരം എന്ന തമിഴ് നാട്ടിന്നു കീഴ്പെട്ടിരുന്നു. ചേരം എന്നതു വിശേ ഷിച്ചു കോയമ്പത്തൂർ താലൂക്കായ കൊങ്ങനാടത്രെ. ചേരം എന്നും, ചേ രളം എന്നും ഉള്ളതിന്നു കണ്ണാടകക്കാർ കേരം, കേരളം, എന്നിങ്ങനെ പറ ഞ്ഞതു സംസ്കൃതക്കാർ കേട്ടു നടപ്പാക്കിയതു. ആകയാൽ കേരളം എന്ന തിന്നു തെങ്ങുള്ള നാട്ടു എന്ന അൎത്ഥം ആദിയിൽ ഉണ്ടായതുമില്ല ഉണ്ടാകുന്നതുമില്ല; സങ്കല്പിച്ചാൽ ആവാം. മലകളും കുന്നുകളും ഈ നാട്ടിൽ നിറകയാൽ മല+യ+ആളം (ആളുക = വാഴുക) എന്ന പേരിനെ നമ്മു ടെ മുമ്പന്മാരും മലേ, മലെ എന്നിങ്ങനെ (535 ക്രി. ആ.) പടിഞ്ഞാറ്റു കാരും കേരളത്തിന്നു വിളിച്ചിരിക്കുന്നു. മലബാർ (മലവാർ) എന്നു ൧൧൦൦ ക്രി. ആ. അറവികളായ ഉരുക്കാർ വിളിച്ച പ്രകാരവും ശേഷം പടിഞ്ഞാറ്റുകാർ അവരിൽനിന്നു പഠിച്ച വണ്ണവും സാക്ഷികൾ ഉണ്ടു.

2. കിടപ്പും വടിവും. ചൂരിവാളിന്റെ രൂപത്തിലുള്ള മലയാളം മദ്രാശി സംസ്ഥാനത്തിന്റെ പടിഞ്ഞാറെ കര പ്രദേശത്തിൽ അടങ്ങുന്നു. ആയതു കിഴക്കുള്ള സഹ്യമല, പടിഞ്ഞാറുള്ള അറവിക്കടൽ, തെക്കുള്ള മുനമ്പായ കന്യാകുമാരി, വടക്കുള്ള ചന്ദ്രഗിരി പുഴ എന്നീ അതിക്കകത്തു കിടക്കുന്നു.

ആസ്യാഖണ്ഡത്തിൻ തെക്കു പടിഞ്ഞാറെ മുക്കോണിച്ച അൎദ്ധദ്വീ പായ ഭാരതഖണ്ഡത്തിന്റെ (ഇന്ത്യ) തെക്കു ഭാഗത്തു മദ്രാശി സംസ്ഥാ നവും അതിന്റെ പടിഞ്ഞാറെ അതിരിൽ മലയാളവും ഉൾപ്പെട്ടിരിക്കുന്നു. ആയതു മദ്ധ്യരേഖയിൽനിന്നു വടക്കുള്ള ചൂടു കച്ചയുടെ തെക്കെ അംശ ത്തിൽ തന്നെ. 8°5’ (കന്യാകുമാരി) 12°27’ (ചന്ദ്രഗിരി) വ. അ. യിലും 760°4’ [ചന്ദ്രഗിരി] 77°3’ [കന്യാകുമാരി] 76°55’ [പാലക്കാട്ടുതാലൂക്ക] 77°38’ [തിരുവിതാങ്കോട്ടു) എന്നീ കി. നീ. കളിലും കിടക്കുന്നു.

3. വലിപ്പം കേരളത്തിന്നു ഒട്ടുക്കു ഏകദേശം 400 നാഴിക നീളവും 10 നാഴിക തൊട്ടു 70 ഓളം വീതിയും ആകെ 15787നാഴിക പരപ്പും ഉണ്ടു

സഹ്യമലയരു തുടങ്ങി കടൽ വരെക്കും കേരളത്തിന്നു പല അകലമു ണ്ടു തെൻകണ്ണാടകം തൊട്ടു കൊച്ചി ശീമയോളം 20-70 നാഴികയും തിരുവി താങ്കൂറിന്നു 70-20 നാഴികയും വീതി ഉണ്ടാകും.

താണ ഭൂമിയെ തിട്ടപ്പെടുത്തുവാൻ പെരുത്തു പാടുണ്ടെങ്കിലും വടക്കേ മലയാളത്തിന്നു 15-25 നാഴികയും കൊച്ചി ശീമെക്കു 15-20 നാഴികയും തിരു വിതാങ്കൂറിന്നു 35-10 നാഴികയും കാണാം. സമഭൂമിക്കു വിസ്താരം കുറയുന്നു.

കാക്ക പറക്കുമ്പോലെ അളന്നു കഴിഞ്ഞാൽ:-

മലയരുവു തൊട്ടു അറവിക്കടലോളം താണഭൂമി കടപ്പുറം ചേൎന്ന സമഭൂമി

തെൻ കൎണ്ണാടകം* 20 18 ¼—8

ചിറക്കൽ* 25 18 —10

കോട്ടയം 28 18 —3

കറുമ്പറനാട്ടു 20 15 —5

കോഴിക്കോട്ടു 25 15 1—4

ഏറനാട്ടു 40 25 1—7

പൊന്നാനിയും വള്ളുവനാട്ടും — 25 3—15

വള്ളുവനാട്ടും പാലക്കാട്ടും 70 — —

കൊച്ചി 35 15—20 5—12

തിരുവിതാങ്കോട്ടു 70—20 15—10 5—15

4. കടൽ. പടിഞ്ഞാറെ അതിരാകുന്ന കടൽ ഇല്ലാഞ്ഞാൽ മലയാ ളത്തിന്റെ ചരിത്രവും അവസ്ഥയും ദേശസ്വഭാവവും ഋതുഭേദവും മഴ വനം വേറെ ഉണ്ടാകുമായിരുന്നു. അതുകൊണ്ടു നാം ഇതിനെ ഒരല്പം വിവരിച്ചു പറയേണ്ടതു. ഈ കാണുന്ന കടലിന്നു ഭൂമിശാസ്ത്രത്തിൽ അറ വിക്കടൽ എന്നു പേരുണ്ടു. ആയതു ഭാരതഖണ്ഡത്തിന്റെ (ഇന്ത്യയുടെ) തെക്കുള്ള ഹിന്തു സമുദ്രത്തിൻ ഒരംശമാകകൊണ്ടു കിഴക്കുള്ള വങ്കാള ഉൾ ക്കടലോട്ടു തെക്കു കിഴക്കോട്ടു ചേൎന്നിരിക്കുന്നു.

ഹിന്തുസമുദ്രം ഭൂമിയിലുള്ള എല്ലാ സമുദ്രഉൾക്കടലുകളോട്ടു ചേൎന്നി രിക്കയാൽ എപ്പേൎപ്പെട്ട കരപ്രദേശത്തിൽനിന്നും ഉരുക്കളിൽ കയറിയ മനു ഷ്യൎക്കു മലയാളക്കരയെ എളുപ്പത്തിൽ പ്രാപിക്കാം. പൂൎവ്വകാലം തൊട്ടു അവ്വഴിയായി വന്ന കച്ചവടക്കാരും മറ്റും ആരെല്ലാം എന്നു പിന്നെ പറയും.

സിംഹളത്തിൽനിന്നു വന്ന മുക്കുവർ മുതലായ ജാതികളും കടൽ വഴി യായി മലയാളത്തിൽ വന്നു തങ്ങൾക്കു പറ്റിയ ദേശത്തെ കണ്ടെത്തിയ ശേഷം അതിൽ കുടിയേറിയുറെച്ചിരിക്കുന്നു.

കടലിൽ പെരുത്തു മീൻ ചേൎപ്പു ഉള്ളതിനാൽ കടൽ പ്രവൃത്തിക്കാൎക്കു പണിയും മുക്കാൽ പങ്കു നാട്ടുകാൎക്കു തിന്മാനും ഉണ്ടു.

കടൽ വെള്ളം നാറാതിരിക്കേണ്ടതിന്നു ഉപ്പു ചേൎന്നു കൂടാതെ ആയ തിന്നു മൂന്നു വിധം ഇളക്കങ്ങളുണ്ടു.

ഉവർ വെള്ളത്തിൽ നീന്തുന്ന മനുഷ്യരും ഓടുന്ന ഉരുക്കളും നല്ല വെ ള്ളത്തിൽ

പോലെ അത്ര താണ അമരുന്നില്ല. ശേഷം പിന്നാലെ.

ANSWER TO A QUESTION.

ഒരു ചോദ്യത്തിന വെണ്ടിയ ഉത്തരം.

തിരുവിതാംകൂറിൽ ചേന്ന തെക്കൻ കൊല്ലത്തവെച്ച ബഹു പൂവ്വത്തിൽ ശ്രും ഗെരി ശങ്കരാ ചാൎയ്യർ നൂർ അനാചാരങ്ങളെ, ജനങ്ങളുടെ ഇടയിൽ വിതപ്പാനാ യിട്ടു ശ്രമിച്ചപ്പോൾ അന്നുള്ള കേരള ബ്രാഹ്മണരിൽ അനേകം പേർ ശങ്കരാചാ ൎയ്യരുടെ മതത്തിന്ന് വിരോധികളായി തീൎന്ന ശേഷം, ശങ്കരാചാൎയ്യർ നൂർ ഗ്രാമ ക്കാരെയും അവിടെ കൂട്ടി ചേത്തു ഈ അനാചാരവ്യവസ്ഥയെ കുറിച്ച തൎക്കി ച്ച വ്യവഹരിക്കുമ്പോൾ "ആചാൎയ്യവാഗഭേദ്യാ" എന്ന ഒരശരീരി വാക്ക ഉണ്ടാ യി. അതിൽ പിന്നെ അവിടെ കൂടിയ മഹാബ്രാഹ്മണരൊക്കയും മഹാഭയത്തോ ടെ നൂർ അനാചാരങ്ങ ളെ കൈകൊള്ളുകയും അന്നുമുതൽ (കോലംബം) കൊല്ലം ഒന്നു, എന്നു എണ്ണുവാൻ തുടങ്ങുകയും ചെ യ്തു. അതു നിമിത്തമായിട്ടു തന്നെ ആ ദി ക്കിന്നും കൊല്ലം എന്നു പേരുണ്ടായി വന്നതു."ആചാ ൎയ്യവാഗഭേദ്യാ" എന്ന അന്ന ത്തെ കലിസംഖ്യയിൽനിന്നു ഇന്നെത്തെ കലിസംഖ്യ വാങ്ങിയാൽ ൧൦൫൨ ശേ ഷിച്ച കാണുന്നതു തന്നെ ഇതിന്നു ദൃഷ്ടാന്തം. എന്നൊരു ഗുരുനാഥന്റെ ഉത്തരം.

## SUMMARY OF NEWS

## വൎത്തമാനച്ചുരുക്കം

ആസ്യാ Asia.

ഭാരതഖണ്ഡം India.

ചെന്നപ്പട്ടണം:- ജനുവെരി 1നു തൊട്ടു ഫിബ്രുവെരി 10നു വരെക്കും ചെന്നപ്പ ട്ടണത്തീവണ്ടിപ്പാതക്കാരുടെ വരവു ആവിതു:

1876ഇൽ 1877ഇൽ

ആൾക്കേവുകൂലി 2,81,000 2,73,000

ചരക്കുകേവുകൂലി 4,45,000 8,97,000

ധൎമ്മക്കഞ്ഞിക്കൊട്ടിലുകളോടു ചേൎന്ന പാ ളയങ്ങളിൽ ഏകദേശം 13,000 എളിയവർ പാ ൎക്കുന്നുണ്ടു. ഏപ്രീൽ 1-7വരെ മരിച്ചവരുടെ തുക നോക്കിയാൽ 536 ആയിരത്തിന്നു ഒരു കൊല്ലം ചെല്ലുന്നതു കൊണ്ടു രണ്ടു വൎഷം തീരു മുമ്പെ ഇവർ മരിച്ചായിരിക്കേണം ഇതു കോ ൾമയിർ പിടിക്ക തക്ക സങ്കടം.

മഴ:- കൃഷ്ണ, നെല്ലൂർ, കടപ്പാ, ബല്ലാരി, കൎന്നൂൽ, വടക്കേ ആൎക്കാട്ടു, മധുര, തിരുനെൽ വേലി, കൊയിമ്പുത്തൂർ, ചേലം, തിരുച്ചിറാപ്പ ള്ളി മലയാള ജില്ലകളിൽ മഴ പെയ്തതിനാൽ പലേടത്തു ആശ്വാസവും നെൽവിലക്കു താഴ്ച യും വന്നു. ഈ ദാനത്തിന്നായി ദൈവത്തിന്നു സ്തോത്രം. ഇത്രോടം 1874, 1875, 1876 എന്നീ കൊല്ലങ്ങളിൽ ജനുവരിതൊട്ടു ഏപ്രിൽവരെ ക്കും ഈ ആണ്ടിൽ പോലെ മഴപെയ്തിട്ടില്ലായി രുന്നു. നെല്ലൂരിൽ ആലിപ്പഴവും പെയ്തിരുന്നു.

തൃച്ചിറാപ്പള്ളിയിൽ ഛൎദ്ദ്യതിസാരതത്തിന്നു അല്പം ആശ്വാസം കാണുന്നെങ്കിലും മസൂരി വൎദ്ധിച്ചു വരുന്നു, ധൎമ്മക്കഞ്ഞിക്കു ചെല്ലുന്നവർ നാൾക്കുനാൾ ഏറുന്നു.

തഞ്ചാവൂരിൽ വേണ്ടുന്ന ധാന്യങ്ങൾ ഉണ്ടാ യാലും അകവില പൊന്തി നില്ക്കുന്നു. മസൂരി ദീനം ആരംഭിച്ചു. ചൂടോടെ വെള്ളത്തിന്റെ ക്ഷാമം നാൾതോറും വൎദ്ധിക്കുന്നു.

തിരുനെൽവേലിയിലെ വലെച്ചൽ ക്രമ ത്താലെ തീൎന്നു പോകുന്നു.

മധുരയിൽ നവധാന്യങ്ങളും പച്ചക്കറിക ളും അധികം വിറ്റുവരുന്നു. പൈപ്പു കൊണ്ടു വയറു നന്നായികാഞ്ഞു പോയവർ കുക്കി രി മുതലായതു നിറവോളം തിന്നുന്നതു കൊ ണ്ടു പലർ വയറ്റുപോക്കും തലതട്ടിയും മസൂ രിയും കൊണ്ടു മരിച്ചു പോകുന്നു.

കൎന്നൂൽ നിജാമിലേ പഞ്ചം നിമിത്തം റൊ ഹില്ലർ എന്ന ജാതി അവിടെനിന്നു കൂട്ടുകവ ൎച്ചെക്കായി കൎന്നൂലിലേക്കു കൂടക്കൂടെ കിഴിഞ്ഞു വന്ന ശേഷം അവിടെയുള്ള ശിവായ്ക്കളെ കൂടാ തെ കുതിരപ്പട്ടാളക്കാരെ അയപ്പാൻ പോകുന്നു.

ആനമലയിലെ കായൽ കട്ടപ്പെട്ടതു കൊ ണ്ടു ചുറ്റിലുള്ള ഊരുകളിൽനിന്നും പാ

ലക്കാട്ടു നിന്നും ഏറിയവർ മുളയരിയെ പെറുക്കുവാൻ പോയിരിക്കുന്നു. തലത്ത ട്ടി അവിടെ കൂടിയ വരിൽ പിടിച്ചു പലരും കാട്ടിൽ മരിച്ചു അവ രുടെ ശവങ്ങൾ കാട്ടുമൃഗങ്ങൾക്കു ഇരയായി തീൎന്നിരിക്കുന്നു. കോയമ്പുത്തൂനിയമക്കാരെ കൊ ണ്ടു ശേഷിക്കുന്ന ശവങ്ങളെ കുഴിച്ചിടീക്കയും നാട്ടുകാരെ കാട്ടിൽ പോകാതാക്കയും ചെയ്തി രിക്കുന്നു.

വറുതി പിടിച്ച നാട്ടുകളിലെ അവസ്ഥയാവിതു: ധൎമ്മമറാമത്തു പണിക്കാർ ധൎമ്മ ക്കഞ്ഞിക്കാർ

മാൎച്ച് 24 31 മാൎച്ച് 24 31

കൃഷ്ണ 2,630 1,875 235 530

നെല്ലൂർ 35,134 28,824 6,613 4,976

കടപ്പാ 73,702 78,902 3,268 6,129

ബല്ലാരി 2,12,139 2,25,485 33,102 82,519

കൎന്നൂൽ 1,85,443 2,02,142 25,572 33,753

ചെങ്കൽപേട്ട 10,499 10,829 6,030 6,211

വട ആക്കാട്ടു 23,245 29,469 2,089 2,060

തെൻ ആക്കാട്ടു 538 538 59 59

മധുര 8,291 8,447 1,263 1,484

തിരുനെൽവേലി 1,1930 1,736 417 415

കൊയിമ്പുത്തൂർ 24,480 21,532 2,291 2,738

ചേലം 51,258 48,175 5,846 10,143

കിഴക്കേകരയിലെ തോട്ടു 30,911 34,970

6,60,200 6,92,924 86,785 1,51,017

മഹിഷാസുരം:- (മൈസ്സൂർ) നന്ദിദ്രുഗ്ഗപകപ്പിൽ ഫിബ്രുവെരി മാസത്തിന്റെ ര ണ്ടാം പാതിയിൽ 3500 ആളുകൾ ഛൎദ്ദ്യതിസാ രത്താലും 10,000 കന്നുകാലികൾ വിശ പ്പിനാലും തീൎന്നു പോയിരിക്കുന്നു. ഇങ്ങനെ 1876 ജൂലാ യി തൊട്ടു 1877 ഫിബ്രു വെരി അവസാനത്തോ ളം 20,80,000 ആളുകളിൽനിന്നു 23,615 പേർ മരിക്കയും 1,49,114 കന്നുകാലികൾ മാണ്ടു പോ കയും ചെയ്തു. മൈസ്സൂരിന്റെ പടിഞ്ഞാറെ പക പ്പിൽ സുഖവും കഴിച്ചലും വേണ്ടതില്ല.

തിരുവിതാങ്കോട്:- പഞ്ചം പിടിച്ച അയൽ നാട്ടുകളിൽനിന്നു 2000 ഓളം ബ്രാ ഹ്മ ണർ തിരുവനന്തപുറത്തു കൂടി സംസ്ഥാന ത്തിന്റെ ചെലവിൽ നാൾ കഴിച്ചു വരുന്നു. ഏകദേശം 2000 ബ്രാഹ്മണർ വേറെ നാട്ടുക ളിൽനിന്നു എത്തും എന്നു കേൾവി. മഹാരാ ജാവവകൾ ക്ഷാമം നിമിത്തം താണ ഉദ്യോ ഗസ്ഥന്മാൎക്കു പത്തിന്നു 2½ പ്രകാരം മാസപ്പടി കയറ്റി കൊടുപ്പാൻ തിരുവുള്ളത്തിൽ ഏറിയി

രിക്കുന്നു എന്നു ശ്രുതി.

മലയാളം:- കഴിഞ്ഞ പത്തു ആ ണ്ടുകൾക്കുള്ളിൽ തെക്കേ മലയാള ജഡ്ജി കുറ്റം തെളിഞ്ഞ 184 ദീപട്ടിക്കവച്ച്ക്കാരിൽനിന്നു 9 പേരെ മാത്രം നാട്ടു കടത്തിയതു കൊണ്ടു കൂട്ടു കവച്ച്ക്കാൎക്കു ധൈൎയ്യം പെരുകി വന്നു. 1875 ധനികനായ നായരുടെ വീട്ടിൽ കയറി സ്ത്രീ കളെ തീണ്ടിച്ചു 600 ശ്രുപ്പിക കൈക്കലാക്കി. ഓരൊറ്റ ശ്രുപ്പിക മുതൽ മാത്രം വിട്ടുവിച്ചു എ ങ്കിലും കൂട്ടത്തിന്റെ പാതിയോളവും തലയാളിയും പുതു നിയമക്കാരുടെ കൈയിൽ അക പ്പെട്ടു പോയിരുന്നു. 1876 ഫിബ്രുവെരിയിൽ ഒരു ചെട്ടിയുടെ വീട്ടിൽ കടന്നു കഴിച്ചു വെ ച്ച 1200 ശ്രുപ്പിക കിട്ടേണ്ടതിന്നു എണ്ണയിൽ മുക്കിയ തുണി അവന്റെ കൈക്കു ചുറ്റി തീ കൊളുത്തി മുതൽ കാണിപ്പാൻ നിൎബ്ബന്ധിച്ചു.

മറ്റൊരു സ്ഥലത്തു 60 വയസ്സുള്ള നായരു ടെ തലക്കു എണ്ണ കുടിച്ച തുണിയെ ചുറ്റി അ തിന്നു തീ കൊടുത്തു കത്തുന്ന പന്തങ്ങളോടു അവന്റെ മൈയിക്കു കുത്തി പണം ഒളിപ്പി ച്ച ഇടത്തെ കാണിക്കേണ്ടതിന്നു ഉപദ്രവിച്ചി രുന്നു.

ഇങ്ങനെ ദുഷ്ടതയും സാഹസവും വൎദ്ധി ക്കുന്നതു കോയ്മ കണ്ടപ്പോൾ കുറ്റക്കാരെ പിടി ച്ചു ശിക്ഷിക്കേണ്ടതിന്നു, പോയ ആണ്ടിലേ മാൎച്ചമാസത്തിൽ 87 പുതുനിയമക്കാരെ ഏറ മ ലയാളത്തിൽ നിയമിച്ചു. അതിനാൽ കൂട്ടുകവ ച്ച്മുതലായ ബാധകൾ ശമിച്ചു തുടങ്ങി. മെയി ലെ സേഷനിൽ 39ഉം ജൂനിൽ 32ഉം മറ്റും വിശേഷിച്ചു സെപ്തമ്പ്രിൽ 88ഉം കൂട്ടുകവച്ച് ക്കാരുടെ കുറ്റം തെളിഞ്ഞു ന്യായമായ ശിക്ഷ അവൎക്കു കിട്ടിപ്പോകയും ചെയ്തു.

75—76 ആമതിൽ കോയ്മക്കറിവു കിട്ടിയ 53 കൂട്ടുകവച്ച്യിൽനിന്നു 44ന്നു കുറ്റിയും 257 കുറ്റക്കാൎക്കു ശിക്ഷയും ഉണ്ടായിരുന്നു. ഇങ്ങ നെ മലയാളനാട്ടിന്നു പിന്നെയും നിൎഭയവും വലിയ ആശ്വാസവും വന്നു തുടങ്ങിയിരി ക്കുന്നു.

10 5/3 ശേർ അരി കോഴിക്കോട്ടിലും 7 8/7 വ യനാട്ടിലും വിറ്റുവരുന്നു. 8 താലൂക്കുകളിൽ മസൂരിയും 5 താലൂക്കുകളിൽ ഛൎദ്ദ്യതിസാരവും ഉണ്ടു. 96 പേൎക്കു കൊളത്തൂർ നിരത്തിൽ പ ണി കല്പിച്ചിരിക്കുന്നു.

കോഴിക്കോടു:- നാട്ടുപുറങ്ങളിൽ ഉള്ള എഴുത്തുപള്ളികളിൽ പഠിപ്പിക്കുന്ന ഗുരുക്കന്മാ ൎക്കു യൂരോപ പഠിപ്പുക്രമത്തിൽ അറിവും ശീല വും വരുത്തേണ്ടതിന്നു 15 പേരോളം കോഴി ക്കോട്ടിലെ ഗുരുനാഥശാലയിൽ Normal school ചേൎത്തു അവരെ 5ആം തരം പരീക്ഷയിൽ നേടുവാൻ തക്കവണ്ണം പഠിപ്പിച്ചു വരുന്നു. അവിടെ പഠിക്കുന്ന നാട്ടുഗുരുക്കന്മാൎക്കു കോയ്മ യിൽനിന്നു ഭക്ഷണച്ചെലവിന്നായി 3—5 ശ്രു. നീക്കികൊടുക്കുന്നു. അവൎക്കു പഠിക്കുന്ന ശീലം വരേണ്ടതിന്നു ആദ്യപാഠക്കാരെ പഠിപ്പിക്കുന്ന ഒരു അഭ്യസനശാലയെ (Practising Branch) ഉണ്ടാക്കുവാൻ പോകുന്നു. വയനാടു:- തെക്കുകിഴക്കു വയനാട്ടു ഒന്നാം ഏപ്രിൽ തൊട്ടു നീലഗിരിയോടു

ചേ ത്തതിനാൽ ആ പ്രദേശത്തിൽ പാക്കുന്ന കാ പ്പിത്തോട്ടക്കാൎക്കു ദൂരെയുള്ള മാനന്തവാടിക്കു പോകുന്ന തൊല്ല നീങ്ങി അടുത്ത ഒത്തകമ ണ്ടിൽ അവൎക്കു എളു പ്പത്തിൽ കാൎയ്യാദികളെ ചട്ടപ്പെടുത്തുവാൻ സംഗതി വന്നു.

സിംഹളം:- മന്നാറ്റിൽ പിടിച്ച മുത്തു ച്ചിപ്പികളെ ആയിരത്തിന്നു 45—46 ഉറുപ്പിക പ്രകാരം സിംഹളക്കോൎയ്യ ലേലത്തിൽ വില്ക്കു ന്നു. മാൎച്ച 30 നു ഓളം കോൎയ്യയുടെ ഓഹരി യിൽ 1,10,600 രൂ. പെട്ടിരുന്നു.

ബൊംബായി:- പഞ്ചം തുടങ്ങിയ നാൾതൊട്ടു ഏറിയവർ ബൊംബായിലേക്കു തെ റ്റിയിരിക്കുന്നു. മുമ്പെ ഒരു ആഴ്ചവട്ട ത്തിൽ 340 പേർ മരിച്ചിരിക്കെ ഇപ്പോൾ 700 ഓളം ഒരു വാരത്തിൽ മരിക്കുന്നു. ബൊം ബായിൽ സങ്കേതം പ്രാപിച്ച 30,000 പേരിൽ നിന്നു ആഴ്ച ഒന്നിൽ 350 വരെ ആൾ മ രിക്കുന്നതു ഭയങ്കരം. ആ തോയ പ്പെട്ട മനു ഷ്യർ ഉക്കുടിപ്പാൎപ്പു വിശപ്പു പനി മുതലായ വ്യാധികളാൽ എന്തെല്ലാം സഹിച്ചിട്ടുണ്ടായി രിക്കേണം മേൽ പറഞ്ഞ വിധത്തിൽ അവൎക്കു മരണം ഭവി ച്ചാൽ രണ്ടു കൊല്ലം കൊണ്ടു അവർ തീൎന്നു പോകുമല്ലൊ കഷ്ടം.

ധൎമ്മമരാമത്തു പണിക്കാർ 2,58,700 ഓളം  സംസ്ഥാനത്തിൽ വൎദ്ധിച്ചിരിക്കു ന്നു. ധാ ൎവ്വാടിൽ ഛൎദ്ദ്യതിസാരം ബാധിച്ചിരിക്കുന്നു.

കാലികാത:- കാലികാതയിലേ മേല ദ്ധ്യക്ഷനും ചെന്നപ്പട്ടണം ബൊംബായി കള ന്വു എന്നീ നഗരങ്ങളിലെ അദ്ധ്യക്ഷന്മാരും കൂടി കാലികാതയിലേ മേലദ്ധ്യ ക്ഷപള്ളിയിൽ മാൎച്ച 11 നു വേദപണ്ഡിതന്മാരായ കാല്ത്തു വെൽ സാജ്ജന്തു എന്നീ ഉപദേഷ്ടാക്കന്മാൎക്കു ഹസ്താൎപ്പ ണത്താൽ ഈ പ്രേരണാദ്ധ്യക്ഷ സ്ഥാനത്തെ (Missionary Bishops) നല്കിയിരിക്കുന്നു.

നേപാളം:- ശ്രീ ജംഗ് ബഹാദരി ന്റെ ഒരുമിച്ചു 3 രാജ്ഞിമാർ ഉടന്തടിയായി മരി ച്ചിരിക്കുന്നു.

പ്രസാധകർ
താളിളക്കം